2025
നവംബർ
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല
https://schoolwiki.in/150885

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645 littlekites15088@gmail.com

# ഇക്കുറി കുറുമ്പാലയും

## ഹരിത വിദ്യാലയം അവാർഡ് -2025

കുപ്പാടിത്തറ: വിദ്യാലയത്തിൻെറ അക്കാദമിക മികവുകൾക്കും ഭൗതിക വികസന നേട്ടങ്ങൾക്കും മറ്റൊരംഗീകാരം കൂടി. പൊതുവിദ്യാലയങ്ങളിലെ മികവുകളും മെച്ചപ്പെട്ട പ്രവർത്തനങ്ങളും പങ്ക് വെക്കുന്നതിനും മികച്ച മാതൃകകൾ മറ്റ് കുട്ടികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി കൈറ്റ് ഒരുക്കുന്ന "ഹരിത വിദ്യാലയം" വിദ്യാഭ്യാസ റിയാലിറ്റി ഷോയുടെ നാലാമത് എഡിഷൻെറ ഒന്നാം ഘട്ടത്തിലേയ്ക്ക് കുറുമ്പാല ഗവ.ഹൈസ്കൂളിനെ തെരഞ്ഞെടുത്തു.ഇതിനായിസംസ്ഥാന തലത്തിൽ അപേക്ഷിച്ച 825 സ്കൂളുകളിൽ നിന്ന് 85 വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത്.വയനാട് ജില്ലയിൽ നിന്ന് ആകെ നാല് വിദ്യാലയങ്ങൾക്കാണ് സെലക്ഷൻലഭിച്ചത്.

സെലക്ഷൻ ലഭിച്ച വിദ്യാലയങ്ങളെ കൈറ്റിൻെറ നേതൃത്വത്തിൽ അനുമോദിച്ചു.വീഡിയോ കോൺഫ്രൻസ് വഴി നടത്തിയ യോഗത്തിൽ അടുത്ത ഘട്ടത്തിൽ പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ച് കൈറ്റ് സി ഇ ഒ അൻവർ സാദത്ത് വിശദീകരിച്ച.




കുറുമ്പാല ഹൈസ്കൂളിനെ പ്രതിനിധീകരിച്ച് സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദൂൾ റഷീദ് കെ, എസ് ഐ ടി സി ഹാരിസ് കെ, എൽ കെ എം അനില എന്നിവർ പങ്കെടുത്തു.

## സ്കൂൾ ഗേറ്റിൻെറ പ്രവൃത്തി ഉദ്ഘാടനം ചെയ്തു






സ്കൂൾ ഗേറ്റിൻെറ പ്രവൃത്തി ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ എം. മുഹമ്മദ് ബഷീർ നിർവ്വഹിക്കുന്നു.

### സംസ്ഥാന ശാസ്ത്രോത്സവം 2025

# അനിമേഷനിൽ എ ഗ്രേഡ്

കുപ്പാടിത്തറ:2025 നവംബർ 7,8,9 തിയ്യതികളിലായി പാലക്കാട വെച്ച് നടന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ ഐ ടി മേളയിൽ ഹൈസ്കൂൾ വിഭാഗം അനിമേഷൻ മത്സരത്തിൽ ജി എച്ച് എസ് കുറുമ്പാലയിലെ റിസ്‌വാന ഷെറിൻ എ ഗ്രേഡോടെ മികച്ച നേട്ടം കൈവരിച്ചു.ജില്ലാ തല മത്സരത്തിൽ എ ഗ്രേഡോടെ രണ്ടാം സ്ഥാനം നേടിയാണ് റിസ്‌വാനയെ സംസ്ഥാന തലത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്.






കുറുമ്പാല ഹൈസ്കൂളിൽ നിന്ന് രണ്ടാം തവണയാണ് അനിമേഷൻ വിഭാഗത്തിൽ വയനാട് ജില്ലയ്ക്ക് വേണ്ടി സംസ്ഥാനതലത്തിൽ മത്സരിക്കുന്നത്.2023-24 വർഷത്തെ ഐ ടി മേളയിൽ ജില്ലയിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടി മുഹമ്മദ് റംനാസ് എന്ന കുട്ടി തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തിരുന്നു.

അഭിമാനാർഹമായ നേട്ടം നേടി വിദ്യാലയത്തിന്റെ യശസ്സുയർത്തിയ റിസ്‌വാന ഷെറിനെ സ്റ്റാഫ് & പിടിഎ യോഗം അഭിനന്ദിച്ചു.

വിവധ മേളകളിൽ സബ് ജില്ലാ,ജില്ലാ മത്സരത്തിൽ മികച്ച നേട്ടം കൈവരിച്ച കുട്ടികളെ സ്കൂൾ അസംബ്ലിയിൽ അനുമോദിച്ചു. അവർക്കുള്ള സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു.

വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങളിലെ മാറ്റങ്ങൾക്കൊപ്പം അക്കാദമിക രംഗത്തും മികച്ച കുതിപ്പാണ് അടുത്ത കാലത്തായി സ്ഥാപനത്തിനുണ്ടായിട്ടുള്ളത്.2024-25വർഷത്തെ സംസ്ഥാന തല കലോത്സവത്തിൽ ഉർദു കഥാരചന (ഫാത്തമത്തുഫർഹാന),ഉർദുഉപന്യാസ രചന (മുബഷിറ പി പി), ഉർദു പ്രസംഗം (ഫാത്തമത്തുഫർഹാന)എന്നീ ഇനങ്ങളിൽ എ ഗ്രേഡ് നേടാൻ കുറുമ്പാലയിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായിഎസ് എസ് എൽ സി പരീക്ഷയിൽ തുടർച്ചയായി നൂറ് ശതമാനം വിജയം കൈവരിച്ച വിദ്യാലയമാണ് ജി എച്ച് എസ് കുറുമ്പാല.





വൈത്തിരി ഉപജില്ലാ കലോത്സവത്തിൽ വിവിധ മത്സരങ്ങളിൽ എ ഗ്രേഡ് നേടിയവർ ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് സാറിനൊപ്പം

### ഗോത്ര വിദ്യാർത്ഥികൾക്ക്

# ലിറ്റിൽ കൈറ്റ്സിൻെറ TEP




കുപ്പാടിത്തറ: ഗ്രോത്ര വർഗ വിദ്യാർത്ഥികൾക്ക് TEP (Tribal Enrichment Programme) പദ്ധതിയുമായി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്.വിദ്യാലയത്തിലെ ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, വിദ്യാലയ പ്രവർത്തനങ്ങളിൽ താത്പര്യം ജനിപ്പിക്കുക,കമ്പ്യൂട്ടർ ഉപയോഗത്തിൽ പരിജ്ഞാനം നൽകുക,വിവിര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരിചയപ്പെടുത്തുക,കളികളിലുടെ പഠനം എളുപ്പമാക്കുക, കുട്ടികൾക്ക് ആത്മിശ്വാസവും കൈതാങ്ങും നൽകി ഉയർത്തികൊണ്ട് വരിക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയാണ് TEP പ്രോഗ്രാം സംഘടിപ്പിക്കുന്നത്.

ഭാവിയിൽ വിവിധ ഐടി മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള പ്രാപ്തിയും ആത്മവിശ്വാസവും നൽകാൻ ഈ പരിശീലനം ലക്ഷ്യമിടുന്നു. അഞ്ച് മുതൽ ഒമ്പത് വരെ ക്ലാസുകളിലുള്ള കുട്ടികൾക്കാണ് പരിശീലനം സംഘടിപ്പിക്കുന്നത്. വളരെ താത്പര്യപൂർവ്വമാണ് കുട്ടികൾ പ്രോഗ്രാം ഏറ്റെടുത്തിട്ടുള്ളത്.

## ഒന്നാം ക്ലാസിൽ രുചിയുത്സവും
## രണ്ടാം ക്ലാസിൽ ഫ്രൂട്സ് സാലഡും





പാഠ പുസ്തകത്തിലെ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഒന്നാം ക്ലാസിലെ കുട്ടികൾ ക്ലാസിലൊരുക്കിയ രുചിയുത്സവവും,രണ്ടാം ക്ലാസിലെ കട്ടികളൊരുക്കിയ ഫ്രൂട്സ് സാലഡ് തയ്യാറാക്കലും ഏറെ ശ്രദ്ധേയമായി.കുട്ടികൾ തങ്ങളുടെ വീടുകളിൽ നിന്ന് കൊണ്ട് വന്ന വിഭവങ്ങൾ പരസ്പരം പരിചയപ്പെട്ടുത്തുകയും പങ്ക് വെക്കുകയും ചെയ്തു.വിവിധ ചേരുവകൾ ചേർത്ത് ആഹാരം നിർമ്മിക്കുന്ന രീതി മനസ്സിലാക്കാൻ സാലഡ് തയ്യാറാക്കുന്നതിലൂടെ കുട്ടികൾക്ക് കഴിഞ്ഞു.ഹെഡ്മാസ്റ്റർ കെ അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു.ക്ലാസ് ടീച്ചർമാരായ ജിൻസി ഇ,രസിത കെ,രാധിക കുട്ടപ്പൻ എന്നിവർ നേതൃത്വം നൽകി.

# വൈവിധ്യമാർന്ന പരിപാടികളുമായി ശിശുദിനാഘോഷം





കുപ്പാടിത്തറ: വിത്യങ്ങളായ പരിപാടികളൊരുക്കി ജി എച്ച് എസ് കുറുമ്പാലയിൽ ശിശുദിനാഘോഷം സംഘടിപ്പിച്ചു.ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് ശിശുദിന സന്ദേശം നൽകി. ക്വിസ്,പ്രസംഗം,ഗാനം,വേഷപ്പകർച്ച,നെഹ്റു തൊപ്പി നിർമ്മാണം എന്നിവയും പ്രീപ്രൈമറി വിഭാഗത്തിൽ കഥപറയൽ,പ്രസംഗം,ആക്ഷൻസോങ്,കളറിംഗ്,ഡ്രോയിംഗ്,ക്വിസ് തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു.ശിശുദിനത്തോടനുബന്ധിച്ച് 6 എ ക്ലാസിലെ കുട്ടികൾ പൂച്ചട്ടി കൊണ്ട് വന്ന് "ക്ലാസിലേക്കൊരു പൂച്ചട്ടി" എന്ന പരിപാടിയുടെ ഭാഗമായി.

# ഫീൽഡ് ട്രിപ്പ് സംഘടിപ്പിച്ചു






കുപ്പാടിത്തറ: ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിൻെറ ഭാഗമായി 2024-27 ബാച്ച് അംഗങ്ങൾക്കായി (15-11-2025 ന് ശനിയാഴ്ച്ച) ഇൻഡസ്ട്രിയൽ വിസിറ്റ് സംഘടിപ്പിച്ചു. മാനന്തവാടിയിലെ ലില്ലീസ് ഫാം പ്രോഡക്ട്സാണ് സന്ദർശിച്ചത്.നൂറ്റിഅമ്പതിലേറെ പശുക്കളെ വളർത്തി അവയുടെ പാലുപയോഗിച്ച് പാൽ, തൈര്,മോര്,നെയ്,സംഭാരം,പേഡ തുടങ്ങിയ പതിനഞ്ചിലേറെ ഉല്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്. ഇവ വയനാട്,കണ്ണൂർ,കോഴിക്കോട് ജില്ലകളിൽ നേരിട്ട് വിതരണം ചെയ്യുന്നു.

പതിനഞ്ച് പശുക്കളെ വളർത്തി ആരംഭിച്ച ഈ സംരംഭം വലിയൊരു സംവിധാനമായി വളർന്നിട്ടുണ്ട്.ഇതിൻെറ സാരഥിയായ ശ്രീമതി ലില്ലി നിരവധി അംഗീകാരങ്ങൾക്ക് അർഹയായിട്ടുണ്ട്.സന്ദർശനത്തിനെത്തിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ ലില്ലിയും കുടുംബവും സ്വീകരിക്കുകയും ഫാമിൻെറ പ്രവർത്തന രീതികൾ വിശദീകരിക്കയും ചെയ്തു.ഇവയെല്ലാം നേരിൽ കണ്ട് മനസ്സിലാക്കാൻ കുട്ടികൾക്ക് ഈ ട്രിപ്പ്സഹായകമായി.കൈറ്റ്സ് മെൻറർമാരായ ഹാരിസ് കെ, അനില എസ്,വർഷ കെ ജെ എന്നിവർ നേതൃത്വംനൽകി.

# ലിറ്റിൽ കൈറ്റ്സ് നിർവ്വഹണ സമിതി യോഗം

കുപ്പാടിത്തറ:ലിറ്റിൽ കൈറ്റ്സ് നിർവ്വഹണ സമിതി യോഗം 17-11-2025 ന് സ്കൂൾ ലൈബ്രറിയിൽ ചേർന്നു.പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. നിലവിലുള്ള പ്രവർത്തനങ്ങൾ തുടരും.നൂതന പദ്ധതികൾക്ക് രൂപം നൽകി.എൽ കെ ഇല്ലുമിനേഷൻ അവാർഡ് പ്രൈസ്മണി 5001 രൂപയായി ഉയർത്തും. ഡിസംബറിൽ അവാർഡ് ജേതാവിനെ കണ്ടെത്താനുള്ള അനിമേഷൻ മത്സരം നടത്തും.അംഗങ്ങളായ സ്കൂൾ ഹെഡ്മാസ്റ്റർ,പിടിഎ വൈ.പ്രസിഡൻറ്,എൽ കെ മെൻറർമാർ,ലീഡർമാർ എന്നിവർ പങ്കെടുത്തു.



# ജന പ്രതിനിധികൾക്ക് സ്നേഹാദരവ്





കുപ്പാടിത്തറ:കുറുമ്പാല ഗവ. ഹൈസ്കൂളിനായി വയനാട് ജില്ലാ പഞ്ചായത്തിൻെറ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സ്കൂൾ ഗേറ്റിൻെറ പ്രവൃത്തി ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ ആരോഗ്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ എം. മുഹമ്മദ് ബഷീർ നിർവ്വഹിച്ചു.

അടുത്ത കാലത്തായി നിരവധി വികസന പ്രവർത്തന ങ്ങളാണ് വിദ്യാലയത്തിൽ നടത്തിയിട്ടുള്ളത്. ലൈബ്രറി,സയൻസ് ലാബ്, ഓഫീസ്, സ്റ്റാഫ് റൂം എന്നിവയുടെ നവീകരണം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയിലറ്റ് ബ്ലോക്കുകൾ, ചുറ്റുമതിൽ നവീകരണം,സ്മാർട്ട് പ്രീപ്രൈമറി,സ്കൂൾ ബസ്, അമ്പതിലേറെ ലാപ്ടോപ്പുകൾ ഒരുക്കി രണ്ട് ഐ ടി ലാബുകൾ, ഇൻവേർട്ടർ,യു പി എസ് സൗകര്യങ്ങൾ തുടങ്ങിയ നിരവധി വികസനപ്രവർത്തനങ്ങളാണ്നടത്തിയിട്ടുള്ളത്.

ഗേറ്റ് ഉദ്ഘാടന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് മെമ്പർ ബുഷറ വൈശ്യൻ അധ്യക്ഷത വഹിച്ചു. എസ് എം സി ചെയർമാൻ ഉസ്മാൻ കാഞ്ഞായി,പി ടി എ വൈ. പ്രസിഡൻറ് ശ്രീനിവാസൻ, എം. പി ടി എ പ്രസിഡൻറ് റജീന മുനീർ, സ്കൂൾ ഹെഡ്മാസ്റ്റർ അബ്ദുൾ റഷീദ് കെ, സീനിയർ അസിസ്റ്റൻറ് സിബി ടി. വി എന്നിവർ പ്രസംഗിച്ചു.വിദ്യാലയത്തിൻെറ ഭൗതിക സൗകര്യങ്ങൾ മെച്ചെപ്പെടുത്തുന്നതിന് ഫണ്ടുകൾ അനുവദിക്കുന്നതിനായി ഇടപെട്ട ജനപ്രതിനിധികളായ എം മുഹമ്മദ് ബഷീർ, ബുഷറ വൈശ്യൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.







അധ്യാപകരുടെ ഗൃഹ സന്ദർശനം തുടരുന്നു



കേരള പിറവി ദിനം. പ്രീപ്രൈമറി കുട്ടികളുടെ "എൻെറ കേരളം"-





ഒരു നുള്ളറിവിന് ഒരു പൊതി സമ്മാനം-വിജയികൾ
-നമീറ നസ്റിൻ-5B, അയിഷ തബ്ഷ്റ 6B

പിറന്നാളിനൊരു പൂച്ചെടി



വാർത്തകൾ തയ്യാറാക്കിയത്: മുഹമ്മദ് ഇർഫാൻ, മുഹമ്മദ് ഇഫ്നാസ്,ഫവാസ് തമീം